കേന്ദ്രസർക്കാരിന്റെ നിർദ്ദേശമനുസരിച്ച് 3 പ്രൈവറ്റ് കമ്പനികളാണ് ഇപ്പോൾ ഡിജിറ്റൈസേഷൻ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. ഡിജിറ്റൈസ് ചെയ്യുന്ന മാപ്പുകളുടെ കോപ്പി സർവെ വകുപ്പിനെ ഏല്പിക്കുകയും, അവ പരിശോധിച്ച് കറക്ഷൻ ഉണ്ടെങ്കിൽ പരിഹരിച്ച് കമ്പനിയെ തിരിച്ചേൽപ്പിക്കുകയും അപാകതകൾ പരിഹരിച്ച് ഫൈനൽ പ്രിന്റ് നൽകുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. ആയതിനാൽ തെറ്റു പറ്റാൻ സാധ്യത കുറവാണ്.

സർക്കാർ കോളേജുകൾക്ക് ആവശ്യമായ കണ്ടിജൻസി ഫണ്ട് അനുവദിക്കുന്നതിന് നടപടി

15 (*747) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ കണ്ടിജൻസി ഫണ്ട് അനുവദിക്കാത്തതുമൂലം ലബോറട്ടറികളിൽ ആവശ്യമായ യാതൊരു സാധനങ്ങളും ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോളേജുകളിൽ വൈദ്യുതി, ടെലിഫോൺ എന്നിവയുടെ ചാർജ്ജ് അടയ്ക്കുന്നതിന് ആവശ്യമായ തുക ലഭിക്കാത്തതുമൂലം പല കോളേജുകളിലും വൈദ്യുതിയും ഫോണും വിച്ഛേദിക്കപ്പെട്ടിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മിക്ക കോളേജുകളിലും പി.ടി.എ. ഫണ്ടാണ് ഇത്തരം കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതെന്ന വസ്തുത കണക്കിലെടുത്ത് കോളേജുകൾക്ക് ആവശ്യമായ കണ്ടിജൻസി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലത്ത് സൂപ്പി):

(എ) ഇല്ല. സർക്കാർ കോളേജുകൾക്ക് കണ്ടിജൻസി ഫണ്ടിൽ നിന്നല്ല ലബോറട്ടറി സാധനങ്ങൾ വാങ്ങുന്നത്.

(ബി) ഇല്ല.

(സി) കോളേജുകൾക്ക് ആവശ്യമായ കണ്ടിജൻസി ഫണ്ട് അനുവദിക്കുന്നതിന് ഇപ്പോൾ നിർദ്ദേശങ്ങളൊന്നും നിലവിലില്ല. ബഡ്ജറ്റ് പൂർണ്ണമായി പാസ്സാക്കുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാകും.

നാഷണൽ ഓപ്പൺ സ്കൂളിൽ 10-ാം തരം പരീക്ഷ എഴുതുന്നതിന് മലയാളം മാധ്യമം ഉൾപ്പെടുത്താൻ നടപടി

16 (*748) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി നാഷണൽ ഓപ്പൺ സ്കൂളിൽ 10-ാം തരം പരീക്ഷ എഴുതുന്നതിന് വിദ്യാർത്ഥികൾക്ക് മിക്ക പ്രാദേശിക ഭാഷകളിലും എഴുതാൻ അവസരം ലഭിക്കുമ്പോൾ മലയാള ഭാഷയിൽ പരീക്ഷ എഴുതാൻ കഴിയുന്നില്ല എന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly